# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

2025 ഒക്ടോബർ 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| 1. | സമിതിയുടെ ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം: | | |
| I. | വിയോജനക്കുറിപ്പ് | .. | 3 |
| II. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി VI
# (വിദ്യാഭ്യാസം)
# (2023-2026)

**ഘടന**

<u>ചെയർപേഴ്സൺ:</u>

ശ്രീ. വി. ശിവൻകുട്ടി,

പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. ആർ. ബിന്ദു,

ഉന്നതവിദ്യാഭ്യാസ -സാമൂഹ്യനീതി വകുപ്പുമന്ത്രി.

ശ്രീ. സജി ചെറിയാൻ,

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

ശ്രീ. എം. വിജിൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയച്ച, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ (ബിൽ നമ്പർ-282) സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ 2025 സെപ്റ്റംബർ 26-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2025 ഒക്ടോബർ 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2025 ഒക്ടോബർ 6-ാം തീയതി സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>2-ാം ഖണ്ഡം</u>

2-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന 1986-ലെ കൊച്ചി ശാസ്ത്ര - സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ,

(1986-ലെ 31-ാം ആക്റ്റ്),—

18-ാം വകുപ്പിന് ശേഷം ചേർക്കാൻ ഉദ്ദേശിക്കുന്ന 18 <u>എ</u> വകുപ്പിൽ "സിൻഡിക്കേറ്റ് " എന്ന വാക്കിനു പകരം "സിൻഡിക്കേറ്റിന്റെ ഒരു യോഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

<u>4-ാം ഖണ്ഡം</u>

4-ാം ഖണ്ഡം പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24-ാം ആക്റ്റ്),—

14-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് ശേഷം ചേർക്കാൻ ഉദ്ദേശിക്കുന്ന (7)-ാം ഉപവകുപ്പിൽ "നിർവ്വാഹകസമിതി" എന്ന വാക്കിനു പകരം "നിർവ്വാഹക സമിതിയുടെ ഒരു യോഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

വി. ശിവൻകുട്ടി,
*ചെയർപേഴ്സൺ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2025, ഒക്ടോബർ 7

## അനുബന്ധം I

## വിയോജനക്കുറിപ്പ്

സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ്/ഗവേണിങ് കൗൺസിൽ/ നിർവാഹക സമിതി എന്നിവയിലെ ആകെയുള്ള അംഗങ്ങളുടെ മൂന്നിലൊന്ന് പേർ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത സമിതികളുടെ യോഗം വിളിച്ച് ചേർക്കുന്നതിന് വൈസ് -ചാൻസലറെ അധികാരപ്പെടുത്തുന്നതിനായി 1986-ലെ കൊച്ചി ശാസ്ത്രസാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റ്, 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ്, 2013-ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ്, 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ്, 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സിൻഡിക്കേറ്റ് യോഗം ചേരാതിരിക്കുമ്പോൾ ഭരണ സൗകര്യാർത്ഥം അടിയന്തര ഘട്ടങ്ങളിൽ സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ വിനിയോഗിക്കാൻ വി.സി.-മാർക്ക് അധികാരം നൽകുന്നുണ്ട്. ഇത്തരം നടപടികൾ അടുത്ത് ചേരുന്ന സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്യണമെന്നാണ് നിലവിലെ വ്യവസ്ഥ. അതിനുപകരം സിൻഡിക്കേറ്റ് അംഗങ്ങളിൽ മൂന്നിലൊന്ന് പേർ ആവശ്യപ്പെട്ടാൽ ഏഴ് ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റ് യോഗം ചേരണമെന്ന നിയമ ഭേദഗതിയാണ് ഇപ്പോൾ എല്ലാ സർവ്വകലാശാല നിയമത്തിലും ഉൾപ്പെടുത്തുന്നത്.

സർവ്വകലാശാലകളുടെ നയപരമായ തീരുമാനമെടുക്കുവാനുള്ള വേദികളാണ് സിൻഡിക്കേറ്റ്/ഗവേണിംഗ് കൗൺസിൽ/ നിർവ്വാഹക സമിതി എന്നിവ. മന്ത്രിസഭയ്ക്ക് സമാനമായ രീതിയിൽ കൂട്ടുത്തരവാദിത്തത്തോടെ സർവ്വകലാശാലകളുടെ നയപരമായ കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കാനുള്ള ചുമതലയാണ് പ്രസ്തുത സമിതികളിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ, നിലവിൽ സങ്കുചിത രാഷ്ട്രീയ താൽപര്യങ്ങളുടെ പേരിൽ സർവ്വകലാശാലകളുടെ ദൈനംദിന ഭരണകാര്യങ്ങളിലും അക്കാദമിക കാര്യങ്ങളിലും ഉൾപ്പെടെ അനാവശ്യ ഇടപെടലുകൾ നടത്തി ഉന്നത വിദ്യാഭ്യാസ മേഖലയെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുകയാണ്.

സിൻഡിക്കേറ്റിന് വോട്ട് അവകാശമുള്ളതായി യൂണിവേഴ്സിറ്റി ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതുകൊണ്ട് പരസ്പര ധാരണകളുടെ അടിസ്ഥാനത്തിൽ കൂട്ടുത്തരവാദിത്വത്തോടെ

തീരുമാനങ്ങളെടുക്കേണ്ട സമിതിയാണ്. മൂന്നിൽ ഒന്ന് അംഗങ്ങൾ ആവശ്യപ്പെട്ടാൽ യോഗം വിളിച്ച ചേർക്കണമെന്ന വ്യവസ്ഥ അംഗീകരിച്ചാൽ സിൻഡിക്കേറ്റ് കൂടുതൽ രാഷ്ട്രീയ ചേരിതിരിവുകളുടെ വേദിയായി മാറുന്നതിനും കൂട്ടുത്തരവാദിത്തം പൂർണ്ണമായും നഷ്ടപ്പെടുന്നതിനും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ, ഇത്തരത്തിലുള്ള ഒരു നിയമ ഭേദഗതി സർവ്വകലാശാലകളുടെ സുഗമമായ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുവാൻ സാധ്യതയുള്ളതായി കാണുന്നതിനാൽ ബില്ലിനോട് വിയോജിക്കുന്നു.

ടി. വി. ഇബ്രാഹിം (ഒപ്പ്)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (ഒപ്പ്)

അനുബന്ധം - II

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര - സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റും (2011-ലെ 5), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും (2021-ലെ 1) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി. —1986-ലെ കൊച്ചി ശാസ്ത്ര - സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 18-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18 എ. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റിന്റെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ് -ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.

എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്- ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

3. 2011-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിൽ (2011-ലെ 5), 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്നിൽ ഒന്നിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്നിൽ ഒന്ന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.".

4. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 14-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) നിർവ്വാഹകസമിതിയുടെ ഒരു യോഗം ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ് - ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.

എന്നാൽ നിർവ്വാഹകസമിതിയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ നിർവ്വാഹക സമിതിയുടെ ഒരു യോഗം വൈസ് - ചാൻസലർ വിളിച്ചുചേർക്കേണ്ടതാണ് .".

5. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17), 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ് - ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

6. 2021-ലെ 1-ാം ആക്ടിനുള്ള ഭേദഗതി.—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ (2021-ലെ 1), 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ് - ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 ഒക്ടോബർ 6.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി